പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1647 16-10-2026-ൽ മറുപടിയ്ക്ക്

**കെ . എസ് .ആർ . ടി .സി . ബസ് നവീകരണ ധനസമാഹരണ പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ജി. സുധാകരൻ

ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** കെ.എസ്.ആർ.ടി.സി.യുടെ കാലപ്പഴക്കം ചെന്നതും സാങ്കേതികമായി സർവീസ് നടത്താൻ പ്രയാസമുള്ളതുമായ ബസ്സുകളുടെ എണ്ണം, അവ സർവീസിൽ നിന്നും പിൻവലിക്കേണ്ട സാഹചര്യം, പുതിയ ബസ്സുകൾ വാങ്ങുന്നതിനാവശ്യമായ സാമ്പത്തിക വിഭവങ്ങളുടെ അപര്യാപ്തത എന്നീ വിഷയങ്ങൾ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

**മറുപടി:** ഗൗരവമായി പരിഗണിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.യുടെ കാലപ്പഴക്കം ചെന്നതും വർദ്ധിച്ച അറ്റകുറ്റപണികൾ ഉള്ളതും, സാങ്കേതികമായി സർവീസ് നടത്താൻ പ്രയാസമുള്ളതുമായ 59 എണ്ണം ബസ്സുകൾ 2026-ൽ സർവ്വീസിൽ നിന്നും പിൻവലിച്ചിട്ടുണ്ട്.

**(ബി)** നിലവിൽ കെ.എസ്.ആർ.ടി.സി.യുടെ ബസ് ഫ്ലീറ്റിൽ കാലപ്പഴക്കം മൂലം സർവ്വീസ് നടത്താൻ കഴിയാത്തതോ ഉടൻ പിൻവലിക്കേണ്ടതോ ആയ ബസുകളുടെ എണ്ണം എത്രയെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാണോ;

**മറുപടി:** നിലവിൽ കെ.എസ്.ആർ.ടി.സി.യുടെ ബസ് ഫ്ലീറ്റിൽ നിന്നും കാലാവധി പൂർത്തിയാക്കുന്നതും, വർദ്ധിച്ച അറ്റകുറ്റപണികൾ കാരണം സർവ്വീസ് നടത്താൻ സാധിക്കാത്തതുമായ നിരത്തിൽ നിന്നും പിൻവലിക്കേണ്ടിവരുന്ന ബസ്സുകളുടെ വിവരം വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.

| Year | 20 വർഷക്കാലാവധി പൂർത്തിയാക്കുന്നതും / വർദ്ധിച്ച അറ്റകുറ്റപ്പണികളുള്ളതുമായ ബസ്സുകളുടെ എണ്ണം |
|---|---|
| December -2026 | 59 |
| December -2027 | 101 |
| December-2028 | 357 |
| December - 2029 | 1092 |
| December-2030 | 1762 |

**(സി)** ഇത്തരത്തിലുള്ള ബസുകൾക്ക് പകരമായി പുതിയ ബസ്സുകൾ വാങ്ങുന്നതിനായി നിലവിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളും ആവശ്യമായ ഏകദേശ തുകയും എത്രയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പുതിയ ബസ്സുകൾ ലഭ്യമാക്കുന്നതിന് വേണ്ടി Annual Plan Fund, MLA ആസ്തി വികസന പദ്ധതി ഫണ്ട് സ്പോൺസർഷിപ്പ് പദ്ധതി എന്നിവ മുഖാന്തിരം 500 പുതിയ ബസ്സുകൾ നിരത്തിലിറക്കുന്നതിന് ലക്ഷ്യമിടുന്നു. 2026-2027 Annual Plan Fundൽ 100 കോടി രൂപ വകയിരുത്തി യിട്ടുണ്ട്. MLA ഫണ്ടിൽ നിന്നും ഫണ്ടിന്റെ വിവരങ്ങൾ ശേഖരിച്ചു വരുന്നു. സ്പോൺസർഷിപ്പ് പദ്ധതി മുഖേന നിലവിൽ മൂന്ന് സ്ഥാപനങ്ങൾ 40 ലക്ഷം രൂപ വീതം നൽകിയിട്ടുണ്ട്. 2026-27 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ 'വാഹന വ്യൂഹങ്ങളുടെ നവീകരണവും, ഗുണനിലവാരം മെച്ചപ്പെടുത്തലും' എന്ന പദ്ധതിൽ വകയിരുത്തിയ 100 കോടി രൂപ ചെലവഴിച്ച് 235 പുതിയ ബസ്സുകൾ വാങ്ങാൻ ഉദ്ദേശിക്കുന്നുണ്ട്. ആയതിന്റെ ഭരണാനുമതി സർക്കാർ നൽകുന്ന മുറയ്ക്ക് വാഹനങ്ങൾ വാങ്ങുന്ന നടപടികൾ ആരംഭിക്കുന്നതാണ്. ഇതോടൊപ്പം നിയമസഭാ സാമാജികരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ബസ്സുകൾ വാങ്ങുന്നതിനുള്ള അനുമതിയും സർക്കാർ നൽകിയിട്ടുണ്ട്. കൂടാതെ സ്ഥാപനങ്ങൾക്കും, വ്യക്തികൾക്കും സ്പോൺസർഷിപ്പായി ബസ്സുകൾ വാങ്ങുന്നതിനുള്ള പദ്ധതിയും നിലവിലുണ്ട്.

**(ഡി)** കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക ബാധ്യത സർക്കാരിന് അധികഭാരം സൃഷ്ടിക്കാത്ത വിധത്തിൽ 'കെ.എസ്.ആർ.ടി.സി. ബസ് നവീകരണ ധനസമാഹരണ പദ്ധതി' എന്ന നിലയിൽ പ്രത്യേക ടിക്കറ്റ്/ധനസമാഹരണ സംവിധാനം ആരംഭിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ;

**<u>മറുപടി:</u>** സാധ്യത പരിശോധിച്ചിട്ടില്ല.

**(ഇ)** അത്തരം സംവിധാനം നടപ്പാക്കിയാൽ അതിലൂടെ ലഭിക്കുന്ന അധിക വരുമാനം പുതിയ ബസ് വാങ്ങുന്നതിനായി മാത്രം വിനിയോഗിക്കുന്നതിന് പ്രത്യേക ഫണ്ട് രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**